LIBRARY ARCHIVES Kerala Legislative Assembly

സെന്ററുകൾവഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവന കേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുന്നു. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ് എന്നീ പണികൾക്കും അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു.

(സി) നല്ല രീതിയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് കൂടുതൽ യന്ത്രങ്ങൾ നൽകി സഹായിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പങ്കാളിത്തം

147 (1516) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളികളെ പങ്കെടുപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

കൃഷി വകുപ്പിന്റെ വിവിധ പദ്ധതി നിർവ്വഹണത്തിൽ (ഉദാ: തരിശുനില കൃഷി) നിലമൊരുക്കൽ/കൃഷി സ്ഥലം തയ്യാറാക്കുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ പങ്കെടുപ്പിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞത് 60 ശതമാനം തുകയ്ക്കുള്ള പ്രവൃത്തികളെങ്കിലും കാർഷിക/കാർഷികാനുബന്ധ മേഖലയുമായി നേരിട്ട് ബന്ധപ്പെട്ട ഉൽപ്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിക്കണമെന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ, ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ പദ്ധതിയിലേറ്റെടുക്കുന്നത് നിയമംമൂലം നിരോധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതി കൃഷി/അനുബന്ധ വകുപ്പുകളുടെ പദ്ധതികളുമായി സമന്വയിപ്പിച്ച് ഈടുറ്റതും ഗുണമേൻമയുള്ളതും ഉൽപ്പാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണത്തിന് സഹായകരമായ പ്രവൃത്തികൾ

ഏറ്റെടുക്കുന്നതിന് സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കർഷകരുടെ ഭൂമിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ 24-7-2009-ലെ എസ്.ഒ 2202 (ഇ) നമ്പർ വിജ്ഞാപനം, ഗ്രാമവികസന കമ്മീഷണറുടെ 12-10-2009-ലെ 22532/എൻ.ആർ.ഇ.ജി. സെൽ 2/09/സി.ആർ.ഡി നമ്പർ സർക്കുലർ എന്നിവയെ അടിസ്ഥാനമാക്കി തദ്ദേശസ്വയം ഭരണ വകുപ്പ് 14-12-2011-ൽ 65108/ഡി.ഡി 2/2011/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ജലസംരക്ഷണത്തിനും ഭൂവികസനത്തിനും വരൾച്ചാ നിവാരണത്തിനുമാണ് പ്രാഥമിക പരിഗണന നൽകുന്നത്. കാർഷിക മേഖലയുടെ വികസനത്തിനും പരിസ്ഥിതി പുനരുജ്ജീവനത്തിനുമായി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്:

പൊതുഭൂമികളിൽ

1. ജലസംരക്ഷണവും മഴക്കൊയ്ത്തും
2. വനസംരക്ഷണവും മരംവച്ചുപിടിപ്പിക്കലും അതുവഴി വരൾച്ച തടയലും
3. ജലസേചനത്തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ
4. കളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം.
5. ഭൂവികസനം
6. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ വെള്ളപ്പൊക്ക നിയന്ത്രണവും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും

സ്വകാര്യ ഭൂമികളിൽ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിര ആവാസ് യോജന പദ്ധതി ഗുണഭോക്താക്കൾ, 2008- ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിച്ച പ്രകാരമുള്ള ചെറുകിട-നാമമാത്ര കർഷകർ, മറ്റ് പരമ്പരാഗത വനവാസികൾ എന്നിവരുടെ സ്വകാര്യഭൂമിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ താഴെ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

ജലസേചനസൗകര്യം

കിണറുകളുടെയും കളങ്ങളുടെയും നിർമ്മാണവും റീച്ചാർജ്ജ് പ്രവർത്തനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly